പതിമൂന്നാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5381 — 6.7.2012 ൽ മറുപടിക്ക്

**ജീവൻരക്ഷാ മരുന്നുകളുടെ ക്രമാതീതമായ വില വർദ്ധനവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. എം. ഹംസ :<br>ശ്രീ. എ.എം. ആരിഫ് :<br>ഡോ. കെ.ടി. ജലീൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)ജീവൻരക്ഷാ മരുന്നുകളുടെ വില ഉയരുന്നത് തടയാൻ എന്തുനടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ജീവൻരക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അതോറിറ്റി (NPPA)ആണ്. എൻ.പി.പി.എ. നോട്ടിഫൈ ചെയ്തിട്ടുള്ള മരുന്നുകളുടെ സീലിംഗ് പ്രൈസിന് മുകളിലായി ഏതെങ്കിലും മരുന്ന് വിൽക്കുന്നതായി വിപണിയിൽ കണ്ടു പിടിക്കപ്പെട്ടാൽ അവയുടെ വിപണനം സംസ്ഥാനത്ത് നിർത്തി വയ്പിച്ച് വിവരം എൻ.പി.പി.എ. അറിയിക്കുന്നുണ്ട്. ഇത്തരം മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ എൻ.പി.പി.എ. വിശദീകരണങ്ങൾ ആവശ്യപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.<br>മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന കമ്പനികളിൽ നിന്നും നേരിട്ട് സംഭരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന വളരെ കുറഞ്ഞ വിലയ്ക്കും ലഭ്യമാക്കുന്നുണ്ട്. കൂടാതെ നീതി, മാവേലി മെഡിക്കൽ സ്റ്റോറുകളും മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ബി)ഔഷധവില വർദ്ധനവിന് കേന്ദ്രസർക്കാരിന്റെ നയങ്ങൾ കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; | (ബി) ഇല്ല. |
| (സി)കേരളത്തിൽ വിൽക്കാൻ അനുമതിയുള്ള മരുന്നുകൾ ഓരോന്നിന്റെയും നിലവിലുള്ള വിലയും ഒരുവർഷം മുമ്പ് ഉണ്ടായിരുന്ന വിലയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) കേരളത്തിൽ ഏകദേശം 65000 മരുന്നുകൾ വിപണിയിലുണ്ട്. ഓരോ മരുന്നിന്റേയും നിലവിലുള്ള വിലയും ഒരു വർഷം മുമ്പ് ഉണ്ടായിരുന്ന വിലയും സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവയ്ക്കുന്ന സമ്പ്രദായം നിലവിലില്ലാത്തതിനാൽ നൽകാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട് |
| (ഡി)ചേരുവകളിൽ മാറ്റം വരുത്തി പുതിയ ബ്രാൻഡിൽ കൂടിയ നിരക്കിൽ കേരളത്തിൽ ഇപ്പോൾ വിപണനം ചെയ്യപ്പെടുന്ന മരുന്നുകളും വിലയും സംബന്ധിച്ച് വിവരം അറിയിക്കുമോ; | (ഡി)ചേരുവകളിൽ മാറ്റം വരുത്തി പുതിയ ബ്രാൻഡിൽ കൂടിയ നിരക്കിൽ കേരളത്തിൽ വിപണനം ചെയ്യപ്പെടുന്ന വിലനിയന്ത്രണം ഇല്ലാത്ത മരുന്നുകളും വിലയും സംബന്ധിച്ച വിശദാംശങ്ങൾ |

| | |
|---|---|
| | സൂക്ഷിക്കുന്ന രീതി നിലവിലില്ലാത്തതിനാൽ നൽകാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ ബ്രാൻഡിൽ മാറ്റം വരുത്താതെ ചേരുവകളിൽ മാറ്റം വരുത്തി കേരളത്തിൽ വിപണനം ചെയ്യപ്പെടുന്നതായി കണ്ടെത്തിയ 2 തരം ഔഷധങ്ങളുടെ വിപണനം തടഞ്ഞിട്ടുണ്ട്.<br>പ്രസ്തുത മരുന്നുകളുടെ പേരും വിലയും താഴെപ്പറയുന്നവയാണ്.<br><br>1. സാൽബിഡ് (എക്സ്പെറ്റോറന്റ്)- (ബ്രാന്റ് നെയിം മാറാതെ ചേരുവകളിൽ മാറ്റം വരുത്തി വിപണിയിൽ വിറ്റഴിക്കപ്പെട്ടിരുന്നു.)<br>പുതിയ വില - Rs. 52.00/<br>പഴയ വില - Rs 32.00/<br>2. അലെക്സ് - കഫ് സിറപ്പ്<br>പഴയവില - Rs. 65.00/<br>പുതിയ വില - Rs. 75.60/ |
| (ഇ)ചേരുവകളിലെ മാറ്റം ചികിത്സയ്ക്ക് എന്തെങ്കിലും ഫലം ചെയ്യുന്ന രീതിയിലുള്ളതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) മാസ്റ്റർ ഫോർമുല റെക്കോർഡിലെ ചേരുവകൾ എല്ലാം പരിശോധിച്ചതിനുശേഷം മാത്രമേ പുതിയ ഫോർമുലേഷന് ഡ്രഗ്സ് കൺട്രോളർ അനുമതി (ലൈസൻസ്) നൽകാറുള്ളൂ. അതുകൊണ്ട് ചേരുവകളിലെ മാറ്റം ചികിത്സയ്ക്ക് എന്തെങ്കിലും ഫലം ചെയ്യുന്ന രീതിയിലുള്ളതാണ്. |

സെക്ഷൻ ഓഫീസർ